ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനം വികസിപ്പിക്കുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കാൻ കേരളം സന്ദർശിച്ച 11-ാം ധനകാര്യ കമ്മീഷന് സർക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ആഴക്കടൽ മത്സ്യബന്ധനം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലും സ്ഥലത്ത് പുതുതായി മത്സ്യബന്ധന തുറമുഖം പണിയുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ഡി) ചിറയിൻകീഴ് താലൂക്കിലെ മുതലപ്പൊഴി അഴിയാക്കി അവിടെ മത്സ്യബന്ധന തുറമുഖം പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ പണി എന്നു തുടങ്ങുമെന്നും ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മത്സ്യബന്ധനമേഖലയിലെ പ്രധാനപ്പെട്ട മറ്റു ചില കാര്യങ്ങൾക്കാണ് മുൻഗണന നൽകിയത്.

(സി) ഉണ്ട്. പൊന്നാനി, തലായി മുതലപ്പൊഴി എന്നിവിടങ്ങളിൽ

(ഡി) ഉണ്ട്.

(ഇ) പണി തുടങ്ങുന്ന തീയതി നിശ്ചയിച്ചിട്ടില്ല. നിർമ്മാണം ആരംഭിച്ചിട്ട് 5 വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

3 (417) മത്സ്യസമ്പത്ത്

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം തരത്തിലുള്ള എത്ര ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയാണ് കടലിലും കായലിലും കുളങ്ങളിലും മറ്റുമായി നിക്ഷേപിച്ചിട്ടുള്ളത്;

(ബി) ഇതിനായി എന്തു തുക സർക്കാർ ചെലവഴിച്ചിട്ടുണ്ട്;

(സി) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചതുവഴി മത്സ്യ സമ്പത്ത് എത്ര കണ്ട് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്;

(ഡി) നിക്ഷേപിച്ച മത്സ്യകുഞ്ഞുങ്ങളെല്ലാം വളർന്നോ, നശിച്ചു പോയോ എന്നിവ സംബന്ധിച്ച് എന്തെങ്കിലും സ്ഥിതി വിവരക്കണക്കുകൾ സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിനുശേഷം 1996-97, 1997-98 1998-99 വർഷങ്ങളിൽ മത്സ്യബന്ധനത്തിൽ ഉണ്ടായ വർദ്ധനവ് എത്ര ആണ്?

ഉത്തരം

(എ) കേരളത്തിലെ പ്രധാന അഴിമുഖങ്ങളിൽ, കാര, നാരൻ തുടങ്ങിയ വാണിജ്യ പ്രാധാന്യമുള്ള 128.95 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളെയും, സാമൂഹ്യ മത്സ്യകൃഷി പദ്ധതി പ്രകാരം കട്ല, രോഹു, മൃഗാൽ, സൈപ്രിനസ്, ലേബിയോ, സിൽവർകാർപ്പ്, ഗ്രാസ് കാർപ്പ്, കരിമീൻ, വരാൽ, ആറ്റുകൊഞ്ച് എന്നിവയുടെ 220.43 ലക്ഷം കുഞ്ഞുങ്ങളെയും ജനകീയ മത്സ്യ കൃഷി പദ്ധതി പ്രകാരം, 964.41 ലക്ഷം മേൽപ്പറഞ്ഞ ഇനം മത്സ്യകുഞ്ഞുങ്ങ ളെയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള ജലാശയങ്ങളിലും കുളങ്ങളി ലുമായി നിക്ഷേപിക്കുകയുണ്ടായി.

(ബി) കടൽ ചെമ്മീൻകുഞ്ഞു നിക്ഷേപപദ്ധതി പ്രകാരം 13.84 ലക്ഷം രൂപയും സമൂഹ്യമത്സ്യകൃഷി പദ്ധതിപ്രകാരം 68.63 ലക്ഷം രൂപയും ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം 174.7 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ലഭ്യമായ സ്ഥിതി വിവരകണക്കുകൾ പ്രകാരം 96-97 ൽ 12,531 ടൺ ആയിരുന്ന ഉൾനാടൻ മത്സ്യസമ്പത്ത് 98-99 ൽ 14,346 ടൺ ആയി വർദ്ധിച്ചു. 1996-97-ൽ 46279 ടൺ ആയിരുന്ന ചെമ്മീൻ സമ്പത്ത് 1998-99 ൽ 58575 ടൺ ആയി വർദ്ധിച്ചു.

(ഡി) കണക്കുകൾ ശേഖരിച്ചു വരുന്നു.

(ഇ)

വർഷം	1996-97	1997-98	1998-99
ചെമ്മീൻ	46279 ടൺ	56562 ടൺ	58575 ടൺ
ഉൾനാടൻ മത്സ്യം	12531 ടൺ	13010 ടൺ	14346 ടൺ

4 (418) ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പാക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പാക്കുന്നതിനായി 1997 ജൂൺ മാസത്തിൽ എത്ര പേരെ നിയമിച്ചു;

(ബി) ഇവരുടെ നിയമനകാലാവധി എത്ര കാലമായിരുന്നു;

(സി) ഈ നിയമനം കോൺട്രാക്ട് അടിസ്ഥാനത്തിലാണോ നടത്തി യത്;

(ഡി) ഇവർക്ക് നൽകിയ ശമ്പളം എത്രയായിരുന്നു;

(ഇ) പിന്നീട് എപ്പോഴെല്ലാം ഇവരുടെ നിയമന കാലാവധി ദീർഘി പ്പിച്ചു;

(എഫ്) ഇവരുടെ കാലാവധി ദീർഘിപ്പിച്ചപ്പോഴെല്ലാം അവരുമായുള്ള കോൺട്രാക്ട് പുതുക്കിയോ;

(ജി) കോൺട്രാക്ട് പുതുക്കാതെ അവരുടെ നിയമന കാലാവധി വർദ്ധിപ്പിച്ചതെപ്രകാരമാണ്.

(എച്ച്) അവർക്ക് ശമ്പളസ്കെയിൽ ഏർപ്പെടുത്തിയത് എന്നാണ്;

(ഐ) താൽക്കാലിക ജീവനക്കാർക്ക് 180 ദിവസത്തിൽ കൂടുതൽ നിയ മനം നൽകരുതെന്ന് പെർസണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോം വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ജെ) എങ്കിൽ ഇവർക്ക് 180 ദിവസത്തിൽ കൂടുതൽ തുടർച്ചയായി നിയമനം നൽകുവാനുള്ള കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly